LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.റ്റി. (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നാണ്യവിളകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളോട് കേന്ദ്ര സർക്കാരിന് പൊതുവേ അനുകൂല പ്രതികരണമാണ് ഉണ്ടായിരുന്നത്.

ആസ്തി വികസന ഫണ്ട് വിനിയോഗ മാനദണ്ഡങ്ങൾ

114 (7950) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലതല ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലും ഉടമസ്ഥതയിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കാമോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതിനുള്ള നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ & ബി)) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് 11-6-2012-ലെ സ.ഉ.(പി.) നമ്പർ 332/12/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നിരിക്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കും ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സമില്ല.

ആസ്തി വികസന ഫണ്ട്-ഏറനാട് മണ്ഡലം

115 (7951) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2012-13, 2013-14 വർഷത്തിൽ ആസ്തി വികസനഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും തുക എത്രയാണെന്നും വ്യക്തമാക്കുമോ ;